**കേരള സംഗീത നാടക അക്കാദമി**
**KERALA SANGEETHA NATAKA AKADEMI**
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in


## കേരള സംഗീത നാടക അക്കാദമി പതിമൂന്നാമത് അന്തർദേശീയ നാടകോത്സവം : ഫെസ്റ്റിവൽ ഡയക്ടറേറ്റ് നിലവിൽ വന്നു

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന പതിമൂന്നാമത് അന്തർദേശീയ നാടകോത്സവത്തിന്റെ ഫെസ്റ്റിവൽ ഡയക്ടറേറ്റിന്റെ ഉദ്ഘാടനം സാംസ്കാരിക വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവഹിച്ചു . പ്രശസ്ത നാടക പ്രവർത്തകരായ ദീപൻ ശിവരാമൻ, പ്രൊഫ.അനുരാധ കപൂർ, ഡോ. ബി അനന്തകൃഷ്ണൻ എന്നിവരടങ്ങിയതാണ് ഡയക്ടറേറ്റ്. ഏറ്റവും ജനകീയമായ കലാരൂപമാണ് നാടകം. ഇതിന്റെ എല്ലാ അന്തസത്തയും ഉയർത്തിപ്പിടിച്ചുകൊണ്ടായിരിക്കും പതിമൂന്നാമത് അന്തർദേശീയ നാടകോത്സവം സംഘടിപ്പിക്കുക. സിനിമ എന്ന മാധ്യമം ഇത്രയും ശക്തമായ ഈ കാലഘട്ടത്തിലും നാടകത്തിന് ആസ്വാദകരുണ്ടെങ്കിൽ, അത് നാടകം എന്ന മാധ്യമത്തിന്റെ സ്വീകാര്യതയാണ് സൂചിപ്പിക്കുന്നത്. കാട്ടുകുതിര എന്ന നാടകത്തിലെ കൊച്ചുവാവ എന്ന കഥാപാത്രത്തെ യാഥാർഥ്യമാക്കിയത് രാജൻ പി.ദേവും സിനിമയിൽ ഈ കഥാപാത്രത്തെ അഭിനയിച്ച് പ്രതിഫലപ്പിച്ചത് തിലകനുമാണ്. എങ്കിലും നമ്മുടെ മനസ്സിൽ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നത് നാടകത്തിലെ കൊച്ചുവാവയെ അനശ്വരമാക്കിയ രാജൻ പി ദേവ് ആണ്. ഇതാണ് നാടകം എന്ന മാധ്യമത്തിന്റെ ശക്തിയും പ്രസക്തിയുമെന്ന് മന്ത്രി പറഞ്ഞു.

അക്കാദമി സംഘടിപ്പിക്കുന്ന അന്തർദേശീയ നാടകോത്സവത്തിന് സർക്കാർതലത്തിൽ സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്ന് മന്ത്രി അറിയിച്ചു. ഇതുവരെ പിന്നിട്ട അന്തർദേശീയ നാടകോത്സത്തിൽ നിന്നും തികച്ചും വ്യത്യസ്തമായതും പുതുമയുള്ളതുമായിരിക്കും ഇത്തവണത്തെ കേരള സംഗീത നാടക അക്കാദമിയുടെ അന്തർദേശീയ നാടകോത്സവം. അന്തർദേശീയ നാടകോത്സവത്തിൽ പത്ത് വിദേശ നാടകങ്ങളും പത്ത് ദേശീയതലത്തിലുള്ള നാടകങ്ങളും മലയാളത്തിലെ മികച്ച നാടകങ്ങളും അരങ്ങേറും. കോവിഡിന് ശേഷം സംഘടിപ്പിക്കുന്ന അന്തർദേശീയ നാടകോത്സവം എന്ന പ്രത്യേകതയും ഇത്തവണത്തെ നാടകോത്സവത്തിന് ഉണ്ടെന്ന് മന്ത്രി പറഞ്ഞു.

ഓൺലൈനിൽ സംഘടിപ്പിച്ച പരിപാടിയിൽ അക്കാദമി വൈസ്ചെയർമാൻ സേവ്യർപുൽപ്പാട്ട് അധ്യക്ഷത വഹിച്ചു. നാടകോത്സവത്തിന്റെ ഡയരക്ടറേറ്റ് അംഗങ്ങളായ ഡോ അനന്തകൃഷ്ണൻ,ദീപൻ ശിവരാമൻ എന്നിവർ സംസാരിച്ചു. സാംസ്കാരിക വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി പ്രമോദ്, അക്കാദമി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശുഭ എം.ബി, ഓഫീസ് സുപ്രണ്ട് ഷാജി ജോസഫ് എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. അക്കാദമി സെക്രട്ടറി ജനാർദ്ദനൻ കെ സ്വാഗതവും അക്കാദമി പ്രോഗ്രാം ഓഫീസർ വി.കെ അനിൽകുമാർ നന്ദിയും പറഞ്ഞു.